പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 191 11-06-2012 - ൽ മറുപടിക്ക്

## ബദൽ തർക്ക പരിഹാര സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. കെ.എം. മാണി (ബഹു, ധനം, നിയമ ഭരണ നിർമ്മാണ വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ബദൽ തർക്ക പരിഹാര സംവിധാനം വിപുലപ്പെടുത്തുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ; | ബദൽ തർക്ക പരിഹാര സംവിധാനം പ്രചരിപ്പിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയും അനുബന്ധസ്ഥാപനങ്ങളും നടത്തിവരുന്ന നിയമ ബോധവൽക്കരണ ക്ലാസുകൾ മുഖേന ബദൽ തർക്കപരിഹാര സംവിധാനത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുവാൻ പോതുജനങ്ങളെ ബോധവൽക്കരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സംവിധാനത്തിലൂടെ കേസ്സുകൾ തീർപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബദൽ തർക്ക പരിഹാര സംവിധാനങ്ങളായ ലോക് അദാലത്ത്, മീഡിയേഷൻ എന്നിവ കാര്യക്ഷമമായി നടത്തുന്നതിനുള്ള സ്ഥിരം സംവിധാനങ്ങൾ, ഹൈക്കോടതിയിലും, ജില്ലാകോടതികളിലും താലൂക്ക് കേന്ദ്രങ്ങളിലുള്ള കോടതികളിലും അതാത് ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ മുഖാന്തിരം നിലവിലുണ്ട്.<br><br>ഹൈക്കോടതിയിൽ നിലവിലുള്ള അപ്പീലുകളിൻമേൽ തീർപ്പ് കൽപ്പിക്കുന്നതിനായി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഴ്ചയിൽ 3 ദിവസങ്ങളിലായി ലോക് അദാലത്തുകൾ നടത്തിവരുന്നു. കോടതിയിൽ ഫയൽ ചെയ്യാത്ത തർക്കങ്ങളും അദാലത്തുകളിൽ പരിഗണിച്ച് തീർപ്പ് കൽപ്പിക്കുന്നുണ്ട്. ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടേയും, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളുടെയും ആഭിമുഖ്യത്തിലും സ്ഥിരമായി ലോക് അദാലത്തുകൾ നടത്തിവരുന്നു. ഇരുകക്ഷികളുടേയും ഭാഗം കേട്ടതിനുശേഷം, ജുഡീഷ്യൽ ഓഫീസറും (സർവ്വീസിലുള്ളതോ വിരമിച്ചതോ) അഭിഭാഷകനും അടങ്ങുന്ന അദാലത്ത് ബഞ്ച് പുറപ്പെടുവിക്കുന്ന അവാർഡ് ഉഭയകക്ഷി സമ്മതപ്രകാരവും സിവിൽ കോടതി വിധി എന്നപോലെ നടപ്പാക്കാവുന്നതാണ്. |

| | | |
|---|---|---|
| | | അദാലത്തിൽ തീർപ്പാക്കുന്ന കേസുകളിൽ കോർട്ട് ഫീസ് കക്ഷികൾക്ക് തിരികെ നൽകുന്നതുമാണ്.<br><br>മറ്റൊരു ബദൽ തർക്ക പരിഹാര സംവിധാനമായ മീഡിയേഷൻ നടത്തുന്നത് ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മീഡിയേഷൻ സെന്ററുകളിലാണ്. നിലവിൽ കോടതിയനുബന്ധ മീഡിയേഷൻ മാത്രമാണ് മീഡിയേഷൻ സെന്ററുകളിൽ നടത്തിവരുന്നത്. ഹൈക്കോടതിയിൽ പ്രവർത്തിക്കുന്ന കേരളാ സ്റ്റേറ്റ് മീഡിയേഷൻ ആന്റ് കൺസീലിയേഷൻ സെന്റർ (KSMCC)സംസ്ഥാനത്തെ മീഡിയേഷൻ സെന്ററുകളുടെ അപെക്സ് ബോഡിയാണ്. KSMCC കൂടാതെ 14 ജില്ലാ കേന്ദ്രങ്ങളിലും പറവൂർ, മാവേലിക്കര കോടതികളോടനുബന്ധിച്ചും ജില്ലാ മീഡിയേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.<br><br>സുപ്രീംകോടതിയുടെ മീഡിയേഷൻ ആന്റ് കൺസീലിയേഷൻ പ്രൊജക്റ്റ് കമ്മിറ്റി (MCPC) -യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് 40 മണിക്കൂർ പരിശീലനം സിദ്ധിച്ച അഭിഭാഷകരാണ് മീഡിയേറ്റർമാരായി പ്രവർത്തിക്കുന്നത്. മീഡിയേഷൻ മുഖാന്തിരം ഉഭയകക്ഷി സമ്മതപ്രകാരം എത്തിച്ചേരുന്ന ധാരണയുടെ അടിസ്ഥാനത്തിൽ അതാത് കോടതികൾ, കേസുകളിന്മേൽ വിധി പുറപ്പെടുവിക്കുന്നു. ഇത്തരം കേസുകളിലും കോർട്ട് ഫീ തിരികെ കൊടുക്കുന്നതു സംബന്ധിച്ച് പരിശോധിച്ചുവരികയാണ് |
| (സി) | ബദൽ തർക്ക പരിഹാര സംവിധാനത്തിന് സമൂഹത്തിന്റെ വിശ്വാസം നേടുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ? | കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ നിരന്തരമായി നടത്തിവരുന്ന നിയമബോധവൽക്കരണ ക്ളാസുകളിൽ ബദൽ തർക്ക പരിഹാരത്തിന്റെ സാധ്യതകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിച്ചുവരുന്നു. കോടതികളിൽ നിന്നും കക്ഷികൾക്ക് അയയ്ക്കുന്ന നോട്ടീസുകളിൽ ബദൽ തർക്ക പരിഹാര മാർഗ്ഗത്തെ സംബന്ധിച്ച് പരാമർശിക്കുന്നുണ്ട്. കൂടാതെ കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയും, കേരളാ സ്റ്റേറ്റ് മീഡിയേഷൻ ആന്റ് കൺസിലിയേഷൻ സെന്ററിന്റെയും ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പൊതുജനങ്ങൾക്കായി 'മദ്ധ്യസ്ഥതാ തർക്കപരിഹാരത്തിനുള്ള പ്രാധാന്യം' എന്ന വിഷയത്തിൻമേൽ ശിൽപ്പശാലകൾ സംഘടിപ്പിച്ചുവരുന്നു. കളമശ്ശേരി മുനിസിപ്പാലിറ്റി, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിലാണ് ഇത്തരത്തിലുള്ള ശിൽപ്പശാലകൾ സംഘടിപ്പിച്ചത്. തുടർന്നും ഇത്തരം ശിൽപ്പശാലകൾ സംഘടിപ്പിക്കുക വഴി പൊതുജനങ്ങളിലേയ്ക്ക് ബദൽ |

| | | |
|---|---|---|
| | | തർക്കപരിഹാരമാർഗ്ഗങ്ങൾ സംബന്ധിച്ചുള്ള അവബോധം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.